LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യ വനവൽക്കരണ പദ്ധതി

128 (4481) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി വിവിധ പദ്ധതികൾവഴി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിലേക്കായി 2010 മാർച്ച് വരെ എന്തു തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിയിലേക്കായി കേന്ദ്ര സർക്കാർ തുക അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയാണ് അനുവദിച്ചത് ; ഇതിൽ എന്തു തുക ചെലവായി ;

(സി) ഈ പദ്ധതിയിലേക്ക് സംസ്ഥാന സർക്കാർ അനുവദിച്ച തുക എത്രയാണ് ?

ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം സാമൂഹിക വനവൽക്കരണ പദ്ധതിയുടെ ഭാഗമായി കേന്ദ്ര സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് വിവിധ പദ്ധതികൾവഴി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിലേയ്ക്കായി 2010 മാർച്ച് വരെ ആകെ 1652.57 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. തീരദേശവനവൽക്കരണം (ഹരിതതീരം) കണ്ടൽക്കാടുകളുടെ സംരക്ഷണം എന്നീ പദ്ധതികൾക്കായി 446.42 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 441.60 ലക്ഷം രൂപ ഇതുവരെയായി ചെലവായിട്ടുണ്ട്.

(സി) ഈ പദ്ധതിയിലേയ്ക്കായി സംസ്ഥാന സർക്കാർ 1232.17 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ അധികാരപരിധിയിൽ നടപ്പിലാക്കിയ പദ്ധതികൾ

129 (4482) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ അധികാരപരിധിയിൽ 2010 ഏപ്രിൽ മാസം മുതൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളിലോരോന്നിലും നിയോഗിച്ച വാച്ചർമാരുടെ പേരും മേൽവിലാസവും റെയിഞ്ച്-ബ്ലോക്ക് തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹരിതകേരളം രണ്ടാം ഘട്ടത്തിൽ എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ എന്നീ പദ്ധതികൾ നടപ്പിലാക്കി.

(ബി) വഴിയോരത്തണൽ പദ്ധതിക്കായി 2010 ഏപ്രിൽ മാസം മുതൽ വാച്ചർമാരെ നിയോഗിച്ചിട്ടില്ല.

ഹരിതകേരളം രണ്ടാം ഘട്ടം പദ്ധതിക്കുവേണ്ടി തയ്യാറാക്കപ്പെട്ട നഴ്സറികളുടെ പരിചരണ-സംരക്ഷണ ജോലികൾക്കായി 2010 ഏപ്രിൽ മുതൽ 2010 ജൂൺ 15 വരെയുള്ള കാലയളവിലേക്ക് നിയോഗിച്ചിട്ടുള്ള വാച്ചർമാരുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

വനംവകുപ്പ് വയനാട് ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ

130 (4483) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പ് വയനാട് ജില്ലയിൽ 2006 മുതൽ 2010 വരെ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വിശദമാക്കുമോ ;

(ബി) വയനാട് ജില്ലയിൽ വനം വകുപ്പ് നടപ്പിലാക്കി വരുന്ന ടൂറിസം പദ്ധതികൾ ഏതെല്ലാമാണ് എന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ ;

(സി) സുൽത്താൻബത്തേരി മണ്ഡലത്തിൽ വനമേഖലയുമായി ബന്ധപ്പെട്ട് ഏതൊക്കെ പുതിയ പദ്ധതികൾ നടപ്പിലാക്കാനാണ് ആലോചിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വനം വകുപ്പ് 2006 മുതൽ 2010 വരെ വയനാട് ജില്ലയിലെ നോർത്ത് വയനാട് നിയോജകമണ്ഡലത്തിലും സുൽത്താൻ ബത്തേരി നിയോജക മണ്ഡലത്തിലും ചുവടെ പേരെഴുതിയിട്ടുള്ള പ്രധാന പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

1. **പ്രോജക്ട് എലിഫന്റ്** : ആനത്താര ഏറ്റെടുക്കൽ (നോർത്ത് വയനാട്), വന്യമൃഗവേട്ട തടയുന്നതിനായി ക്യാമ്പ് ഷെഡ്ഡുകളുടെ നിർമ്മാണം, കാട്ടുതീ തടയൽ, വന്യജീവി ആക്രമണം മൂലമുള്ള നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം, ആന പ്രതിരോധ മതിലുകൾ, സൗരോർജ്ജ വേലികൾ, കുളം, ചെക്ക് ഡാം നിർമ്മാണം, ക്യാമ്പ് ഷെഡ് നിർമ്മാണം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

2. **നീലഗിരി ബയോസ്ഫിയർ റിസർവ്** : നോൺ റ്റിമ്പർ ഫോറസ്റ്റ് പ്രൊഡ്യൂസ്/മെഡിസിനൽ ട്രീ സ്പീഷീസ് തൈകളുടെ ഉൽപ്പാദനം, കാട്ടുതീ തടയൽ, വനാശ്രിത കുടുംബങ്ങൾക്ക് കുടിവെള്ള വിതരണം, ബോധവൽക്കരണ ക്യാമ്പുകൾ, മെഡിക്കൽ ക്യാമ്പുകൾ, സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി ഡ്രൈവിംഗ്, ടെയിലറിംഗ്, തേനീച്ച വളർത്തൽ മതുലായവയിൽ നൽകുന്ന പരിശീലനം മുതലായവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly